പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2309 — 18/02/2016 ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ; കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പുതിയ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | 2581 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകൾ സൃഷ്ടിച്ചതിൽ നെടുങ്ങോലം താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല. |
| (ബി) | നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സി.എച്ച്.സി. നിലവാരത്തിൽ ആവശ്യമുള്ള ഡോക്ടർമാരും ഇതര ജീവനക്കാരും നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രി 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം പരിഗണിച്ച് പുതിയ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | നിലവിൽ താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെയും, ഇതര പാരാമെഡിക്കൽ ജീവനക്കാരുടെയും ഓരോ കാറ്റഗറിയിലെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 1961 ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നതെങ്കിലും ഓരോ ആശുപത്രിയിലെയും കിടക്കകളുടെയും നിലവിലുള്ള ഐ.പി., ഒ.പി. എന്നിവയുടെ അനുപാതത്തിനും, പരിശോധനാ സൗകര്യങ്ങൾ, സ്പെഷ്യാലിറ്റി സംവിധാനം എന്നിവയ്ക്കും ആനുപാതികമായാണ് ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും എണ്ണം നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ